വരികയാണെങ്കിൽ നഷ്ടത്തിൽ പോകുന്ന പേ വാർഡുകൾ അവരെ ഏല്പിച്ച് മേൽനോട്ടം വഹിക്കുന്നതിന് ഗവൺമെന്റിന് തടസ്സമില്ല. മൊത്തത്തിൽ കേരളത്തിലെ പല സ്ഥാപനങ്ങളും ഞാൻ നോക്കുകയുണ്ടായി. അവിടെയെല്ലാം പരാതികളുടെ കൂമ്പാരമാണ്. അതുകൊണ്ട് ഗവൺമെന്റ് ചില തീരുമാനങ്ങളെടുത്തിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ ലെവലിൽ ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ബാക്കി ഡെവലപ്മെന്റ് കമ്മിറ്റികളെ ഏല്പിക്കുന്നതിനു തയ്യാറാണ്.

(17) വിഴിഞ്ഞം പൂവാർ പ്രദേശങ്ങളിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ ശോച്യാവസ്ഥ

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, കേരളത്തിന്റെ തെക്കൻ തീരപ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളാണ് വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പൂവാർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പുല്ലുവിള കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ. ഈ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ സ്ഥിതി വളരെ ശോചനീയമാണ്. ഇപ്പോൾ ബ്ലോക്ക് പഞ്ചായത്താണ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ ദൈനംദിന ഭരണം നിയന്ത്രിക്കുന്നത് എന്നാണ് വയ്പ്. വാസ്തവത്തിൽ അവയുടെ ഭരണത്തിൽ ബ്ളോക്ക് പഞ്ചായത്തിനും മെഡിക്കൽ വകുപ്പ് ഉദ്യോഗസ്ഥന്മാർക്കും വേണ്ടത്ര നിയന്ത്രണമില്ല എന്നുള്ള സ്ഥിതിയാണ്. ഈ മൂന്ന് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെക്കൊണ്ടും ഉദ്ദേശിച്ച യാതൊരു പ്രയോജനവും നാട്ടുകാർക്കും തീരദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും കർഷകതൊഴിലാളികൾക്കും കിട്ടാത്ത അവസ്ഥയാണ്. വിഴിഞ്ഞം, പുല്ലുവിള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലും പൂവാർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുമാണ്. ഈ മൂന്നു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെയും ശോച്യാവസ്ഥയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് അന്വേഷിക്കുകയും ബ്ലോക്ക് പഞ്ചായത്ത് അധികൃതരുമായും ജനപ്രതിനിധികളുമായും മെഡിക്കൽ വകുപ്പ് ഉദ്യോഗസ്ഥന്മാരുമായും ചർച്ച ചെയ്ത് അവിടത്തെ സ്ഥിതിക്ക് മാറ്റം വരാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : സർ, 42 കിടക്കകളുള്ള വിഴിഞ്ഞം സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നുണ്ട്. ഡോക്ടർമാർക്ക് രണ്ട് ക്വാർട്ടേഴ്സുണ്ട്. ഡോക്ടർമാർ അവിടെ സ്ഥിരമായി താമസിക്കുന്നില്ല. കാൾ ഡ്യൂട്ടി സമ്പ്രദായമാണ് നിലവിലുള്ളത്. നാല് ഡോക്ടർമാർ ഇപ്പോൾ അവിടെയുണ്ട്. ഒരു ഡോക്ടറുടെ തസ്തിക ഒഴിഞ്ഞുകിടപ്പുണ്ട്. ഒ.പി. ഉച്ചയ്ക്ക് ഒരുമണിവരെ പ്രവർത്തിക്കുന്നുണ്ട്. ലാബ് സൗകര്യം നിലവിലുണ്ട്. ലാബ് ടെക്നീഷ്യൻ തസ്തിക നികത്താനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ക്രീമിലെയർ പ്രശ്നം കാരണം പോസ്റ്റിംഗ് വൈകുകയാണ്. ഈ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ ജില്ലാ മെഡിക്കൽ സ്റ്റോറിൽ നിലവിലുള്ള മരുന്നുകളെല്ലാം ലഭ്യമാണ്. ഒ. പി. കെട്ടിടം പുതുക്കി

LIBRARY ARCHIVES Kerala Legislative Assembly

പണിയേണ്ടതും അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതും ബ്ലോക്ക് പഞ്ചായത്താകയാൽ ഇക്കാര്യം ബ്ലോക്ക് പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പൂവാർ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ നാല് ഡോക്ടർമാർ നിലവിലുണ്ട്. അവിടെ 16 കിടക്കകളാണുള്ളത്. ഒരു സ്റ്റാഫ് നേഴ്സിന്റെ തസ്തികയേ ഒഴിവുള്ളൂ. ലാബും ലാബ് ടെക്നീഷ്യനും അവിടെയുണ്ട്. കൂടുതൽ കിടക്കകളുള്ള ഒരു വാർഡ് പണിയുന്നതിലേയ്ക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്. പുല്ലുവിള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെക്കുറിച്ചും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അത് നേരത്തെ ഉന്നയിക്കാത്തതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട രേഖകൾ എന്റെ കൈവശമില്ല.

(18) കേരളാ പ്രൈവറ്റ് മെഡിക്കൽ ടെക്നീഷ്യൻസ് അസോസിയേഷന്റെ നേതൃത്വത്തിലുള്ള സെക്രട്ടേറിയറ്റ് മാർച്ച്

ശ്രീ. ടി. എം. ജേക്കബ് : സർ, കേരളാ പ്രൈവറ്റ് മെഡിക്കൽ ടെക്നീഷ്യൻസ് അസോസിയേഷൻ ഇന്ന് സംസ്ഥാന വ്യാപകമായി നടത്തുന്ന ഒരു സമരത്തെ തുടർന്ന് സെക്രട്ടേറിയറ്റിന്റെ മുന്നിലേയ്ക്ക് ഒരു മാർച്ച് സംഘടിപ്പിച്ചിരിക്കുകയാണ്. വളരെ സാങ്കേതിക വൈദഗ്ധ്യം വേണ്ടതും വളരെ ബുദ്ധിമുട്ട് നേരിടുന്നതുമായ ഒരു വിഭാഗമാണ് മെഡിക്കൽ ടെക്നീഷ്യൻസ്. വളരെ റിസ്ക്കുള്ള ഒരു ജോലിയാണ് അവർ ചെയ്യുന്നത്. കേരളത്തിലെ 25,000 ത്തിൽപരം മെഡിക്കൽ ടെക്നീഷ്യൻസ് സ്വകാര്യ മേഖലയിൽ ജോലി ചെയ്തുവരുന്നുണ്ട്. ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളത് ഗവൺമെന്റ് ആശുപത്രികളിലും ലാബുകളിലും ജോലി ചെയ്യുന്ന ടെക്നീഷ്യന്മാരെ മാത്രമാണ്. ഏഴു വർഷം മുൻപ് കേരളാ പ്രൈവറ്റ് മെഡിക്കൽ ടെക്നീഷ്യൻസ് അസോസിയേഷൻ രൂപം നൽകിയ അവസരത്തിൽ തന്നെ സ്വകാര്യ മേഖലയിൽ മെഡിക്കൽ ടെക്നീഷ്യന്മാർക്ക് സ്വന്തം തൊഴിൽ ചെയ്യാനുള്ള രജിസ്ട്രേഷനും ക്ഷേമനിധിക്കുംവേണ്ടി ഗവൺമെന്റിന് നിവേദനം നൽകിയിരുന്നു. പാരാമെഡിക്കൽ കൗൺസിൽ രൂപീകരിച്ച് സ്വകാര്യ മേഖലയിലെ മെഡിക്കൽ ടെക്നീഷ്യന്മാർക്ക് അംഗീകാരം നൽകുമെന്ന് അന്ന് ഗവൺമെന്റ് ഉറപ്പ് നൽകിയതാണ്. അതിനെത്തുടർന്ന് ഒരു നിയമമുണ്ടാക്കുന്നതിനുവേണ്ടി ഒരു ബിൽ തയ്യാറാക്കി സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേന്ദ്രത്തിന്റെ അനുമതി ആവശ്യമായിട്ടുള്ള ഒരു നിയമമാണിത്. സ്വകാര്യ മേഖലയിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന മെഡിക്കൽ ടെക്നീഷ്യന്മാർക്ക് നിർദ്ദിഷ്ട പാരാമെഡിക്കൽ കൗൺസിൽ രൂപീകരിച്ച് അംഗീകാരവും നിയമ പരിരക്ഷയും നിർദ്ദിഷ്ട പാരാമെഡിക്കൽ കൗൺസിലിന്റെ നയരൂപീകരണവും ഉറപ്പാക്കുക, നയരൂപീകരണത്തിലും പ്രവർത്തനത്തിലും കേരളത്തിലെ മെഡിക്കൽ ടെക്നീഷ്യന്മാരുടെ ഏക സംഘടനയായ കെ.പി.എം.ടി.എ.യ്ക്ക് അർഹമായ പ്രാതിനിധ്യം നൽകുക, കേരളത്തിലെ ഇതര വിഭാഗം തൊഴിലാളികൾക്ക് ഗവൺമെന്റ് അംഗീകരിച്ച് നടപ്പിലാക്കിയിട്ടുള്ള ക്ഷേമനിധി, ഗ്രൂപ്പ് ഇൻഷ്വറൻസ്, പെൻഷൻ എന്നീ ആനുകൂല്യങ്ങൾ അപകടകരമായ ചുറ്റുപാടിൽ ജോലി ചെയ്യുന്ന മെഡിക്കൽ ടെക്നീഷ്യന്മാർക്കും അടിയന്തിരമായി ഏർപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങളാണ് അവർ ഉന്നയിച്ചിരിക്കുന്നത്. ഇത്

LIBRARY ARCHIVES Kerala Legislative Assembly